**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5270**
**02.07.2013-ലെ മറുപടിക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

**ചോദ്യം**
**ശ്രീ. കെ.എൻ.എ. ഖാദർ**
**ശ്രീ. പി.ബി. അബ്ദുൾ റസാക്**
**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**
**ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | 01.04.2013 മുതൽ സർവ്വീസിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കി സ.ഉ. (പി) നം. 20/2013/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ Record Keeping Agency ആയ National Securities Depository Limited-മായും NPS Trust-മായും കരാറുകൾ ഒപ്പിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇക്കാര്യത്തിൽ ജീവനക്കാർക്കുണ്ടായിരുന്ന ആശങ്കകൾ ദൂരീകരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | ജീവനക്കാരുടെ ആശങ്കകൾ മുഖ്യമന്ത്രി തലത്തിൽ ചർച്ച ചെയ്ത് ദൂരീകരിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ടിക്കുന്ന ജീവനക്കാർ, 2013 ഏപ്രിൽ 1-ന് ശേഷം മറ്റൊരു ഉയർന്ന തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നേടുന്ന പക്ഷം അത്തരക്കാർക്ക് ഏതു പെൻഷൻ പദ്ധതിയായിരിക്കും ബാധകമെന്ന് വ്യക്തമാക്കുമോ? | 07.05.2013 ലെ സ.ഉ. (പി) നം. 209/2013/ധന നമ്പർ ഉത്തരവു പ്രകാരം കെ.എസ്.ആർ, ഭാഗം III പെൻഷൻ സ്കീം ബാധകമായിട്ടുളളവരും, 31.03.2013 നു മുമ്പ് സബ്സ്റ്റാന്റീവ് തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുളളവരും 31.03.2013 ൽ അങ്ങനെയുളള തസ്തികകളിൽ തുടരുന്നവരുമായ സർക്കാർ ജീവനക്കാർക്ക് 01.04.2013 നോ അതിനുശേഷമോ മറ്റൊരു |

| | | |
|---|---|---|
| | | തസ്തികയിൽ നിയമനം കിട്ടുകയാണെങ്കിൽ combined service ന്റെ അടിസ്ഥാനത്തിൽ, ഓപ്ഷൻ നൽകുന്നതനുസരിച്ച് കെ.എസ്.ആർ, പാർട്ട് III പെൻഷൻ സ്കീമിൽ തുടരാവുന്നതാണ്. ഇതിനായി ടി ജീവനക്കാർ പുതിയ തസ്തികയിൽ പ്രവേശിച്ച് മൂന്നു മാസത്തിനകം ഓപ്ഷൻ നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**